DESPATCHED
On 02/02/2022

12.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1841*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10246***എസ്.ഐ.സി-ജി 6/4*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സന്തോഷ് കെ.,
S/o കരുണാകരൻ,
കല്ലറാംകോട് കളം, തേനാരി പി.ഒ.,
എലപ്പുള്ളി 2 വില്ലേജ്,
പാലക്കാട് – 678 622.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട് (എൽ.ആർ.എ.)
ജില്ലാ കളക്ടറുടെ കാര്യാലയം, പാലക്കാട്.

1. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.എ.),
ജില്ലാ കളക്ടറുടെ കാര്യാലയം,
പാലക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.02.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.03.20114 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.04.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.06.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.07.2014 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.സന്തോഷ്, 30.06.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 03.07.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1841(7)/14 ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട രേഖ കൾ ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 26.02.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പാലക്കാട് ജില്ലാ കളക്ടർ 1977ൽ കുപ്പൻ S/o കുഞ്ചേരിക്ക് നൽകിയ പട്ടയത്തിന്റെ ഫയൽ നമ്പർ LR14-76598/76ലുള്ള അസൈൻമെന്റ് പട്ടയത്തിന്റെ ഫോറം നമ്പർ.19ന്റെ പകർപ്പ് അനുവദിച്ച് നൽകണമെന്നാണ്. ആയതിന് 06.03.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, പാലക്കാട് ജില്ലാ കളക്ടറുടെ LR14-76598/76 ഫയൽ പരിശോധിച്ചതിൽ ശ്രീ.കുപ്പൻ S/o കുഞ്ചേരിക്ക് അനുവദിച്ച ഓഫ റിന്റെ പകർപ്പ് മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും ഇതിന്റെ തുടർ ഫയലായ എൽ.ആർ.14.53020/77 ഫയൽ ടി കാര്യാലയത്തിൽ ലഭ്യമാകാത്തതിനാൽ ശ്രീ.കുപ്പൻ S/o കുഞ്ചേരി എന്നവർക്ക് അനുവദിച്ച ഡീഡിന്റെ പകർപ്പ് അനുവ ദിക്കാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 22.04.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തി യിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച് എസ്.പി.ഐ.ഒ. എൽ. ആർ.സെക്ഷന്റെ 06.03.2014ലെ എൽ.ആർ.എ1–2014/9312/9 നമ്പർ മറുപടിയിൽ അതൃപ്തനായ ഹർജിക്കാരൻ വിവരാവകാശ നിയമം 19(1) പ്രകാരം അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച LR14-76598/76 നമ്പർ ഫയലിലൂടെ ശ്രീ.കുപ്പൻ S/o കുഞ്ചേരി എന്നവർക്ക്

ലഭിച്ച മിച്ച ഭൂമി പട്ടയ പകർപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയിൽ പരാമർശിച്ച LR14-76598/76 നമ്പർ നിത്യ തീർപ്പു ഫയൽ ലഭ്യമാകുകയും പ്രസ്തുത ഫയലിൽ ടി അപ്പീലിന് ശ്രീ.കുപ്പൻ S/o കുഞ്ചേരിക്ക് ലഭിച്ച ഓഫർ മാത്രമേ കാണുന്നുള്ളുവെന്നും ആയതിന്റെ തുടർ ഫയലായ എൽ.ആർ.14.53020/77 ആർ.ഡിസ് ഫയൽ ലഭ്യമല്ലാത്തതിനാൽ ശ്രീ.കുപ്പൻ S/o കുഞ്ചേരിക്ക് അനുവദിച്ച ഡീഡിന്റെ പകർപ്പ് അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന് ഹർജിക്കാരന് കത്തു നൽകിയിരുന്നു. പ്രസ്തുത മറുപടിയ്ക്കെതിരെയാണ് ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും ടിയാന്റെ അപ്പീൽ പരിശോധിക്കുകയും തുടർന്ന് എസ്.പി.ഐ.ഒ. (എൽ.ആർ.എ.)യുടെ തീരുമാനം ശരിവച്ച് അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.എന്നാൽ അപ്പീൽ ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ഫോറം നം.19ന്റെ പകർപ്പ് ലഭ്യമല്ലെന്നാണ് ടിയാനു ലഭിച്ച മറുപടിയെന്നും ആകയാൽ ഫോറം നം.19ന്റെ പകർപ്പ് അനുവദിച്ചു നൽകുകയോ അതിനു തുല്യമായ പട്ടയം അനുവദിക്കുകയോ ചെയ്യണമെന്നാണ് ഹർജിക്കാരന്റെ രണ്ടാം അപ്പീലിലെ ആവശ്യം. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഡീഡ് ഓഫ് അസൈൻമെന്റ് റിക്രീയേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 12–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM